ശ്രീ. സി. വി. ഇയ്യു: ശിക്ഷിച്ചിട്ടുള്ളതു വെറൈറിനറി ഡയറക്ടരെയല്ല, മറ്റു ചില ഉദ്യോഗസ്ഥന്മാരെയാണു് എന്നു ഗവൺമെണ്ടിനറിയാമോ? അതു സംബന്ധിച്ചുള്ള ഗവൺമെണ്ടു് പ്രൊസീഡിംഗ്സ് വായിച്ചുനോക്കുവാൻ ബഹു മാനപ്പെട്ട മന്ത്രിക്കു് ഭയമുണ്ടാകുമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: വായിച്ചുനോക്കാം.

മോണോസൈറ്റ് ഫാക്ടറിയുടെ മൂലധനം

*൪൪൪. (൨൪) ശ്രീ. വി. കെ. വേലായുധൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

ആലുവാ മോണോസൈറ്റ് ഫാക്ടറിയുടെ മൂലധനം എന്തെന്നും, അതിൽ നമ്മുടെ ഗവൺമെണ്ടു് ഓഹരിയെന്തെന്നും പറയുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): ഒരുകോടി രൂപ. ഗവൺമെണ്ടിനു ഇതിൽ ൪൯ ശതമാനം ഓഹരിയുണ്ടു്.

പഞ്ചായത്തു രൂപീകരണം

*൪൪൯. (൨൯) ശ്രീ. വി. കെ. വേലായുധൻ: താഴെ കാണുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

പഞ്ചായത്തുനിയമം അനുസരിച്ചു് സ്റ്റേറ്റിൽ എവിടെയെങ്കിലും പഞ്ചായത്തുകൾ ഈ കൊല്ലം രൂപീകരിച്ചിട്ടുണ്ടോ?

വ്യവസായവും എക്സൈസും തദ്ദേശ സ്വയംഭരണവുംവകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞിരാമൻ): ഇല്ല.

വില്ലേജ് അസ്സിസ്റ്റന്റിനുവേണ്ടി ചെലവാക്കിയ തുക

*൪൪൭. (൨൭) ശ്രീ. വി. കെ. വേലായുധൻ: താഴെ കാണുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

൧൯൫൪-ലെ എഴുമാസംകൊണ്ടവസാനിച്ച ബഡ്ജറ്റുകാലത്തു് വില്ലേജ് അസ്സിസ്റ്റന്റിനുവേണ്ടി എന്തു തുക ചെലവാക്കി?

വ്യവസായവും എക്സൈസും തദ്ദേശ സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞിരാമൻ): ൪,൫൫,൫൩൩ രൂപാ.

ശ്രീ. വി. കെ. വേലായുധൻ: അനുവദിച്ചിട്ടുള്ള എതെങ്കിലും തുക ചെലവാക്കിക്കൂടാ എന്നു ഗവൺമെണ്ടു് നിർദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞിരാമൻ: ഇല്ല.

ശ്രീ. വി. കെ. വേലായുധൻ: കെട്ടിടം പണിയുവാനായി അനുവദിച്ചിട്ടുള്ള തുക ചെലവാക്കി ഇപ്പോൾ കെട്ടിടം പണിയേണ്ടാ എന്നു ഗവൺമെണ്ടു് ഏതെങ്കിലും പഞ്ചായത്തു കമ്മിറ്റിക്കാരോടു പറഞ്ഞിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞിരാമൻ: ചില കെട്ടിടങ്ങൾ ഇപ്പോൾ പണിയേണ്ടാ എന്നു ഗവൺമെണ്ടു് പറഞ്ഞിട്ടുണ്ടു്. അതിനുള്ള കാരണം പുതിയ വില്ലേജ്പഞ്ചായത്തു് അനുസരിച്ചു് പഞ്ചായത്തുകമ്മിറ്റികൾ രൂപീകരിക്കുമ്പോൾ ഈ കെട്ടിടങ്ങൾ ഉപയോഗപ്രദമല്ലാതെ വന്നേക്കുമെന്നുള്ളതാണു്.

LIBRARY ARCHIVES Kerala Legislative Assembly